# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 938 — 30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ പ്രളയം നിരവധി കറവമാടുകൾക്ക് ജീവഹാനി വരുത്തുകയും തൽഫലമായി ക്ഷീരകർഷകർക്ക് വൻ നഷ്ടമുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ ക്ഷീരകർഷകരുടെയും കറവമാടുകളുടെയും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) 18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, അവരുടെ ജീവിത പങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ രണ്ട് കുട്ടികൾ എന്നിവർക്ക് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്.<br>നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തൊട്ടടുത്തുള്ള ക്ഷീരസംഘം മുഖേന ക്ഷീര വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കർഷകർ പശുക്കളെ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയിൽ ഗോസുരക്ഷാ പോളിസി എടുക്കേണ്ടതില്ല. എന്നാൽ മറ്റ് പോളിസികളായ ആരോഗ്യ സുരക്ഷാ, ലൈഫ് ഇൻഷ്വറൻസ്, അപകട സുരക്ഷ എന്നിവ നിർബന്ധമാണ്.<br>പോളിസിക്കനുസരിച്ചുള്ള പ്രീമിയം തുക നിശ്ചിത തീയതിക്കുള്ളിൽ ക്ഷീര വികസന ഓഫീസറുടെ നിർദ്ദേശപ്രകാരം ക്ഷീരസംഘങ്ങൾ മുഖേന അടയ്ക്കാവുന്നതാണ്. |
| (സി) ഇൻഷ്വറൻസ് അംഗത്വ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ടോ; | (സി) ഇൻഷ്വറൻസ് അംഗത്വ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ-യാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ക്ഷീര വികസന വകുപ്പ്, ക്ഷീരോല്പാദക യൂണിയൻ, ക്ഷീരകർഷക ക്ഷേമനിധി, ക്ഷീരസംഘങ്ങൾ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ത്രിതല പഞ്ചായത്തുകളും ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ഫണ്ട് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**